പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 8264

17.07.2014-ലെ മറുപടിയ്ക്ക്

## ഹൈറേഞ്ച് ഇക്കോടൂറിസം പദ്ധതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.എ.കെ.ശശീന്ദ്രൻ<br>ശ്രീ.തോമസ് ചാണ്ടി | **ശ്രീ.എ.പി.അനിൽകുമാർ**<br>(പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| (എ) ഹൈറേഞ്ച് ഇക്കോടൂറിസം പദ്ധതി യുടെ നടത്തിപ്പിന്റെ പുരോഗതി വെളിപ്പെടുത്താമോ;<br><br>(ബി) ഹൈറേഞ്ച് ഇക്കോടൂറിസം പദ്ധതി യുടെ ഒന്നും രണ്ടും ഘട്ടങ്ങൾ ഏതൊക്കെയാണെന്ന് വിശദീകരി ക്കാമോ ; | **(എ) യും (ബി) യും**<br>"ഹൈറേഞ്ച് ഇക്കോടൂറിസം" എന്ന പേരിൽ ഒരു പദ്ധതിക്ക് രൂപം നൽകിയിട്ടില്ല. |
| (സി) മേൽപ്പറഞ്ഞ പദ്ധതികൾ നടപ്പിലാക്കുന്നതിന് മുന്നോടിയായി ആരംഭിക്കേണ്ടിയിരുന്ന മലയോര ഹൈവേയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഏതുവരെയായി യെന്ന് വെളിപ്പെടുത്താമോ; | (സി) സ്പീഡ് കേരളാ പദ്ധതിയിൽപെടുത്തി മലയോര ഹൈവേയുടെ അലൈൻമെന്റിന് അംഗീകാരം ലഭിച്ചിട്ടുണ്ട്. ഇതിന്റെ വിശദമായ റിപ്പോർട്ട് തയ്യാറാക്കുന്ന പ്രവൃത്തികൾ നാറ്റ്പാക് വഴി നടന്നു വരുന്നു. എന്നിരുന്നാലും പ്രസ്തുത അലൈൻമെന്റിന്റെ ഭാഗമായി വരുന്ന കണ്ണൂർ, എറണാകുളം, വയനാട് ജില്ലകളിലെ ചില ഭാഗങ്ങളിൽ നിലവിലുള്ള റോഡ് ബി.എം.ബി.സി. ആയി ബലപ്പെടുത്തി മലയോര ഹൈവേയുടെ ഭാഗമാകത്തക്ക രീതിയിൽ പണി പൂർത്തീകരിച്ചിട്ടുണ്ട്. |
| (ഡി) മലയോര ഹൈവേ നടപ്പിലാക്കു ന്നതിന്റെ ഭാഗമായി "ചെല്ലഞ്ചി" | (ഡി) 37 മീറ്റർനീളത്തിൽ 4 സ്പാനോടുകൂടിയ ചെല്ലഞ്ചി പാലത്തിന്റെ 2 അബട്ട് മെന്റിന്റേയും ഒരു പിയറിന്റെയും പണി |

| | |
|---|---|
| പാലത്തിന്റെ പുനഃരുദ്ധാരണ നടപടി ഏതുവരെയായെന്ന് വ്യക്തമാക്കുമോ; | പൂർത്തിയായി. മൂന്നാമത്തെ പിയറിന്റെ ഫൗണ്ടേഷൻ പണി പൂർത്തിയായി വരുന്നു. അപ്രോച്ച് റോഡിന്റെ മൺപണി ഭാഗികമായി പൂർത്തിയായി. പാലത്തിന്റെയും അപ്രോച്ച് റോഡിന്റെയും 25% പണി പൂർത്തിയായി. ചെല്ലഞ്ചി പാലത്തിന്റെ കരാർ ഏറ്റെടുത്ത കെ.എസ്.സി.സി. അവരുടെ സബ് കോൺട്രാക്ടറെ നിർമ്മാണത്തിൽ കാര്യമായ പുരോഗതി ഇല്ലാത്തതിനാൽ നിർമ്മാണത്തിന്റെ ചുമതലയിൽ നിന്ന് ഒഴിവാക്കുകയുണ്ടായി. ടി പ്രവൃത്തി പുനരാരംഭിക്കുന്നതിന് ഉടൻ തന്നെ നടപടി സ്വീകരിക്കുമെന്ന് പൊതു മരാമത്ത് വകുപ്പ് അറിയിച്ചിട്ടുണ്ട് |
| (ഇ) മലയോര മേഖലകളെ ലക്ഷ്യമിട്ട് ഹൈറേഞ്ച് ഇക്കോടൂറിസം പദ്ധതി നടപ്പിലായാൽ സർക്കാരിന് ടൂറിസം വകുപ്പിന്റേതായി അധിക വരുമാനം ലഭിയ്ക്കുമെന്ന കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ? | ഇല്ല. |

സെക്ഷൻ ഓഫീസർ